# പതിനാലാം കേരള നിയമസഭ
# പതിനേഴാം സമ്മേളനം

**<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2628</u>    <u>13.03.2020 ൽ മറുപടിക്ക്</u>**

## <u>പുനലൂർ - മൂവാറ്റുപുഴ റോഡിന്റെ നിർമ്മാണം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| **ശ്രീ. രാജു എബ്രഹാം** | **ജി. സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| എ) | പുനലൂർ-മൂവാറ്റുപുഴ റോഡിന്റെ അവശേഷിക്കുന്ന പൊൻകുന്നം മുതൽ പുനലൂർ വരെയുള്ള ഭാഗത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ അവ എന്തൊക്കെയെന്ന് വിശദമാക്കാമോ; | എ) | പുനലൂർ - മൂവാറ്റുപുഴ സംസ്ഥാന പാതയുടെ പുനലൂർ മുതൽ പൊൻകുന്നം വരെയുള്ള ഭാഗത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇ.പി.സി മാതൃകയിൽ മൂന്ന് പാക്കേജുകളായാണ് നടത്തുന്നത്. ഇതിൽ പത്തനാപുരം തുടങ്ങി കോന്നി റിപ്പബ്ലിക്കൻ സ്കൂൾ വരെയുള്ള പാക്കേജ് 8എ യുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ടെണ്ടർ നടത്തിയെങ്കിലും ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ കോൺട്രാക്ടർക്ക് പ്രവൃത്തി അവാർഡ് ചെയ്തിട്ടില്ല. കോന്നി റിപ്പബ്ലിക്കൻ സ്കൂൾ തുടങ്ങി പ്ലാച്ചേരി വരെയുള്ള പാക്കേജ് 8ബിയുടെയും, പ്ലാച്ചേരി മുതൽ പൊൻകുന്നം വരെയുള്ള പാക്കേജ് 8സിയുടെയും വർക്കുകൾ യഥാക്രമം 22.08.2019-ലും 24.10.2019 ലും കോൺട്രാക്ടറുമായി എഗ്രിമെന്റ് വച്ച് പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. |
| ബി) | ഈ ഭാഗം റോഡ് നിർമ്മാണത്തിന് കരാർ നൽകിയിട്ടുള്ളത് ഏതൊക്കെ കമ്പനി കൾക്കാണ്; കരാറിൽ ഏർപ്പെട്ടത് എന്നാണ്; നിർമ്മാണ കാലാവധി എത്രയാണ്; ഓരോ റീച്ചിനും എത്ര തുക വീതമാണ് നൽകുന്നത്; | ബി) | 8എ, 8ബി, 8സി എന്നീ പ്രവൃത്തികളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| സി) | നിർമ്മാണം ഈ വർഷം തന്നെ ആരംഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ? | സി) | i. പുനലൂർ മുതൽ പൊൻകുന്നം വരെയുള്ള പാക്കേജ് 8എ യുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് കേസ് കോടതിയിൽ പരിഗണനയിലുള്ളതിനാൽ ടെണ്ടർ |

നടപടികൾ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. കേസ് തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കേസ് തീർപ്പായതിനു ശേഷം തുടർനടപടി സ്വീകരിക്കുന്നതാണ്.

ii. കോന്നി റിപ്പബ്ലിക്കൻ സ്കൂൾ തുടങ്ങി പ്ലാച്ചേരി വരെയുള്ള പാക്കേജ് 8ബിയുടെയും, പ്ലാച്ചേരി മുതൽ പൊൻകുന്നം വരെയുള്ള പാക്കേജ് 8സി യുടെയും വർക്കുകൾ 22.08.2019-ലും 24.09.2019 ലും കോൺട്രാക്ടറുമായി എഗ്രിമെന്റ് വച്ച് പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

| | കരാറുകാരന്റെ പേര് | കരാർ തീയതി | നിർമ്മാണ കാലാവധി | കരാർ തുക |
|---|---|---|---|---|
| 8 എ | കരാർ ആയിട്ടില്ല. | | 2 വർഷം | |
| 8 ബി | M/s. EKK Infrastructure Ltd. Perumbavoor | 22.09.2019 | 2 വർഷം | 279 കോടി |
| 8 സി | M/s. Sreedhanya Nath JV, Tvpm. | 24.10.2019 | 2 വർഷം | 246.68 കോടി |

സെക്ഷൻ ഓഫീസർ